## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 346 — 10. 06. 2014 ൽ മറുപടിക്ക്

### എൽ.ഇ.ഡി. ബൾബുകളുടെ പ്രചാരണം

ചോദ്യം — ഉത്തരം

ശ്രീ. എ. എ. അസീസ്

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന ഊർജ്ജ വകുപ്പ് വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിന് എൽ.ഇ.ഡി ബൾബുകൾ പ്രചരിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ? | (എ) | എനർജി മാനേജ്മെന്റ് സെന്റർ തെരുവു വിളക്കുകളിൽ എൽ.ഇ.ഡിയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 100 വീതം എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. മലപ്പുറം മുനിസിപ്പാലിറ്റിയിൽ എം.പി. ഫണ്ടിൽ നിന്നും 300 എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിച്ചു. കൂടാതെ കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയത്തിൻ കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ സഹായത്തോടുകൂടി പാലക്കാട്ട് ജില്ലയിലെ ആയകുറിശ്ശിയിൽ എൽ.ഇ.ഡി വില്ലേജ് പദ്ധതി നടപ്പിലാക്കി.<br><br>തിരുവനന്തപുരം ജില്ലയിലെ വിതുര ആലപ്പുഴ ജില്ലയിലെ പെരുമ്പളം, മലപ്പുറം ജില്ലയിലെ നിലമ്പൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ ഓരോ വാർഡുകളിലും 50 വീതം എൽ. ഇ. ഡി തെരുവു വിളക്കുകളും 1500 വീതം എൽ.ഇ.ഡി ബൾബുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. |
| (ബി) | എങ്കിൽ താരതമ്യേന വൈദ്യുതി ഉപയോഗം കുറയ്ക്കുന്ന എൽ.ഇ.ഡി ബൾബുകളുടെ പ്രചാരണത്തിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ? | (ബി) | മുനിസിപ്പാലിറ്റികളിൽ കൂടുതൽ എൽ.ഇ.ഡി തെരുവുവിളക്കുകൾ സ്ഥാപിച്ച് തെരുവു വിളക്കുകളിലെ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി 2013-14 ൽ ഇ.എം.സി |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിരുന്നെങ്കിലും ആവശ്യമായ ഫണ്ട് കണ്ടെത്താനായിട്ടില്ല. എന്നാൽ ഗാർഹിക മേഖലയിൽ എൽ.ഇ.ഡിയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ബോധവല്ക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ